# വൃദ്ധജനങ്ങളെ ആദരിക്കൽ

عَنْ اِبِى مُوسَى الأَشْعَرِي رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللّٰهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: إِنَّ مِنْ إِجْلاَلِ اللّٰهِ إِكْرَامُ ذِي الشَّيْبَةِ الْمُسْلِمِ (رواه أبو داود. حسنه الإمام النووي فى رياض الصالحين وحسنه العلامة الألباني فى صحيح أبي داود).

**അബൂമൂസൽ അശ്അരി(റ)യിൽനിന്ന് നിവേദനം. ദൈവദൂതൻ(സ) അരുളി: ''വിശ്വാസികളായ വൃദ്ധരെ ആദരിക്കുന്നത് അല്ലാഹുവിനെ മഹത്വപ്പെടുത്തുന്നതിന്റെ ഭാഗമാണ്''** (അബൂദാവൂദ്- ഈ ഹദീസ് ഹസനാണെന്ന് ഇമാം നവവി(റ)യും അൽബാനിയും രേഖപ്പെടുത്തുന്നു).

വയോജനങ്ങളെ സംരക്ഷിക്കുകയും ആദരിക്കുകയും അവർക്ക് ഔദാര്യം ചെയ്തുകൊടുക്കുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യം പഠിപ്പിക്കുകയാണീ നബിവചനം. സ്രഷ്ടാവായ അല്ലാഹുവിനെ മഹത്വപ്പെടുത്തുന്നതിന്റെ ഭാഗമായി ഇത് നിശ്ചയിച്ചതുതന്നെ പ്രസ്തുത കർമ്മത്തിന്റെ പ്രാധാന്യവും പുണ്യവും വ്യക്തമാക്കുന്നു. ജീവിതത്തിന്റെ സായംസന്ധ്യയാണ് വാർധക്യകാലം. ശൈശവത്തിൽ തുടങ്ങി വിവിധ ഘട്ടങ്ങൾ തരണം ചെയ്ത് വാർധക്യത്തിലൂടെ ജീവിതം കടന്നുപോകുന്നു. സ്രഷ്ടാവായ അല്ലാഹുവിനെ അനുസരിച്ചും അവന്റെ നിയമനിർദേശങ്ങൾ പാലിച്ചും സുകൃതങ്ങൾ ചെയ്തും കുടുംബത്തോടും സമൂഹത്തോടുമുള്ള ബാധ്യതകൾ നിറവേറ്റിയും വിശുദ്ധമായ ജീവിതം നയിക്കുന്നവർക്ക് വാർധക്യം അനുഗ്രഹപൂർണമായ ജീവിതഘട്ടമാകുന്നു. പ്രവാചകൻ(സ) പറഞ്ഞു: ''നിങ്ങളിൽ ഉത്തമർ ദീർഘകാലം ജീവിക്കാൻ ഭാഗ്യം സിദ്ധിക്കുകയും സൽപ്രവർത്തനങ്ങളാൽ അതിനെ സമ്പന്നമാക്കുകയും ചെയ്തവരാകുന്നു'' (അഹ്മദ്). കർമനിരതമായ ഇസ്‌ലാമിക ജീവിതത്തിലൂടെ വാർധക്യം പ്രാപിക്കുന്നവർക്ക് അന്ത്യദിനത്തിൽ പ്രകാശമായിരിക്കുമെന്ന് തിർമിദി ഉദ്ധരിക്കുന്ന പ്രവാചകമൊഴിയിൽ കാണാം.

കുടുംബ സംവിധാനത്തിൽ മുതിർന്ന പൗരന്മാരും വൃദ്ധരും ഓരോ കുടുംബത്തിനും അനുഗ്രഹമാകുന്നു. മുതിർന്ന തലമുറയിൽനിന്ന് ഒട്ടേറെ ജീവിതാനുഭവങ്ങളും പാഠങ്ങളും മാതൃകകളും പുതുതലമുറക്ക് പകർന്നുകിട്ടുന്നുണ്ട്. യുവതലമുറക്ക് അവർ വഴികാട്ടിയാണ്. അവരുടെകൂടി സാന്നിധ്യമുണ്ടാകുമ്പോഴാണ് കുടുംബാന്തരീക്ഷം സൗഹൃദപൂർണവും സന്തോഷദായകവുമാകുന്നത്. നബി(സ) അരുളി: ''നിങ്ങളുടെ വയോജനങ്ങളോടൊപ്പമാകുന്നു അനുഗ്രഹം'' (ഇമാം ഹാകിമിന്റെ അൽമുസ്തദ്റക്).

പരസഹായം ആവശ്യമുള്ള കാലമാണ് വാർധക്യം. ധാരാളം അവശതകളും രോഗപീഡകളുമുണ്ടാകും. ഒന്നും തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയോളം അതെത്തും. ചെയ്യാൻ ആഗ്രഹിച്ചാൽപോലും യാതൊന്നും ചെയ്യാൻ സാധിക്കാത്ത അവസ്ഥ. വൃദ്ധരായ മാതാപിതാക്കൾക്ക് മക്കളുടെയും കൊച്ചുമക്കളുടെയും സംരക്ഷണവും പരിപാലനവും ലഭ്യമാക്കുംവിധമാണ് കുടുംബ വ്യവസ്ഥ ഇസ്‌ലാം സംവിധാനിച്ചിട്ടുള്ളത്. കാരുണ്യത്തിന്റെയും സ്നേഹ പരിലാളനത്തിന്റെയും സാന്ത്വനത്തിന്റെയും ചിറകുകൾ മക്കൾ അവർക്ക് വിടർത്തി നൽകണം. വിനയത്തോടെയും ബഹുമാനാദരവോടെയുമാകണം അവരോടുള്ള പെരുമാറ്റം. വൃദ്ധരായ മാതാപിതാക്കളെ പരിരക്ഷിക്കുന്നത് സ്വർഗം നേടിത്തരുമെന്ന് പ്രവാചകൻ(സ) പഠിപ്പിച്ചിട്ടുണ്ട്.

വൃദ്ധജനങ്ങളെ അവഗണിക്കുന്ന പ്രവണത സമൂഹത്തിൽ വർധിച്ചുവരികയാണ്. സ്വന്തം വീട്ടിൽ കുടുംബത്തോടൊപ്പം കഴിയാനുള്ള അവകാശം അവർക്ക് നിഷേധിക്കപ്പെടുന്നു. ജന്മം നൽകിയ മാതാപിതാക്കൾ വൃദ്ധരും അവശരുമാകുമ്പോൾ ഭാരമായി കാണുകയും അവരെ പെരുവഴിയിൽ തള്ളുകയും ചെയ്യുന്ന മക്കളുണ്ട്. ചിലർ അവരെ വൃദ്ധസദനങ്ങളിൽ പാർപ്പിക്കുന്നു. മക്കളുടെയും ബന്ധുക്കളുടെയും സംരക്ഷണത്തിൽ കഴിയേണ്ട ഒട്ടേറെ വൃദ്ധർ അഭയ കേന്ദ്രങ്ങളിലും വൃദ്ധസദനങ്ങളിലുമാണ് ജീവിക്കുന്നത്. ജീവിതത്തിന്റെ സുവർണകാലം മക്കൾക്കുവേണ്ടി ത്യജിച്ചവരാണവർ. അവരെയാണ് ജീവിതത്തിന്റെ തിളക്കത്തിലും പണത്തിന്റെയും പദവിയുടെയും പകിട്ടിലും അവഗണിച്ചുതള്ളുന്നത്. പ്രവാചകൻ(സ) അരുളി: ''ഒരു യുവാവും വൃദ്ധനായ ഒരാളെയും ആദരിക്കുന്നില്ല; വാർധക്യത്തിൽ അവരെ ആദരിക്കുന്നവരെ അല്ലാഹു നിശ്ചയിച്ചിട്ടല്ലാതെ''(തിർമിദി).

പ്രായമായവരുടെ അവശതകൾ പരിഗണിച്ച് നമസ്കാരം, നോമ്പ് പോലുള്ള ഇസ്‌ലാമിക നിയമവിധികളിൽ പല ഇളവുകളും ഇസ്‌ലാം അവർക്ക് നൽകിയിട്ടുണ്ട്. കുട്ടികൾ മുതിർന്നവർക്ക് ആദ്യം സലാം പറയണമെന്നും ദാനം നൽകുമ്പോൾ അവർക്ക് പ്രഥമ പരിഗണന നൽകണമെന്നും പ്രവാചകൻ(സ) നിർദേശിച്ചു. പ്രവാചകന്റെ ഒരു സദസ്സിൽ വലത് ഭാഗത്ത് കുട്ടികളും ഇടതു ഭാഗത്ത് വൃദ്ധരും ഇരിക്കുന്നു. വലതുവശം മുന്തിക്കണമെന്ന് നിർദേശിച്ച പ്രവാചകൻ, തന്റെ ഇടതു വശത്തിരിക്കുന്ന വൃദ്ധർക്ക് ആദ്യം നൽകാൻ വലതു ഭാഗത്തുള്ള കുട്ടികളോട് അനുവാദം ചോദിക്കുകയുണ്ടായി (*അൽമുവത്വ*-ഇമാം മാലിക്). യുദ്ധവേളയിൽ വൃദ്ധജനങ്ങളെ വധിക്കരുതെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. റോമൻ യുദ്ധത്തിനു പുറപ്പെടുന്ന ഉസാമതുബ്നു സൈദിനോട് ഖലീഫ അബൂബക്ർ(റ) നൽകിയ പത്ത് ഉപദേശങ്ങളിൽ ഒന്ന് വൃദ്ധജനങ്ങളെ കൊല്ലരുതെന്നായിരുന്നു. ഉമറുബ്നു അബ്ദിൽ അസീസ് (റ) മുസ്‌ലിം-അമുസ്‌ലിം ഭേദമില്ലാതെ പാവങ്ങളായ വയോധികർക്ക് ഗവൺമെന്റ് ഖജനാവിൽനിന്ന് ജീവിതവിഭവം നൽകാൻ തന്റെ പ്രവിശ്യാ ഗവർണർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി (അബൂഉബൈദിന്റെ അൽ അംവാൽ). വൃദ്ധരോടും മുതിർന്നവരോടും വാത്സല്യത്തോടെ പെരുമാറണമെന്നാണ് പ്രവാചകനിർദേശം. ''കുട്ടികളോട് സ്നേഹത്തോടെ പെരുമാറുകയും മുതിർന്നവരെ ബഹുമാനിക്കുകയും ചെയ്യാത്തവൻ നമ്മിൽപെട്ടവനല്ല'(തിർമിദി).

വയോജന സംരക്ഷണം സമൂഹത്തിന്റെ കെട്ടുറപ്പിനും നിലനിൽപിനും സാംസ്കാരികാഭിവൃദ്ധിക്കും അനിവാര്യമാണ്. ●